ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): 1986 ഒക്ടോബർ 31-ന് സംസ്ഥാന ഗവൺമെന്റിന്റെ റിസർവ് ബാങ്ക് അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് അമ്പത്തഞ്ചുകോടി അമ്പത്തെട്ടു ലക്ഷത്തി എൺപത്തൊന്നായിരം രൂപയായിരുന്നു.

ചുക്കിന്റെ വിലയിടവ്

* 529 [563] ശ്രീ. ഇ. ജെ. ലൂക്കോസ് :
,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇഞ്ചികൃഷിക്കാർക്ക് ചുക്കിന്റെ വിലയിടിവുമൂലം ഈ വർഷം ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തു പരിഹാരമാർഗ്ഗം സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഉണ്ട്

(ബ) ചുക്കിന് കമ്പിൻഡലിന് ആയിരം രൂപനിരക്കിൽ താങ്ങുവില നിശ്ചയിച്ച് കേരളാസ്റ്റേറ്റ് കോപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ വഴി കൃഷിക്കാരിൽനിന്നും ചുക്ക് സംഭരിക്കുവാൻ തീരുമാനിച്ചത് നടപ്പിലാക്കാൻ വേണ്ട നടപടികളും എടുത്തിട്ടുണ്ട്.

പോർട്ടബിൾ ജനറേറ്റർ

* 530 [564] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് പോർട്ടബിൾ ജനറേറ്റർ ഉപയോഗിച്ച് കറൻറ് എടുക്കുന്നതിൽ എന്തെങ്കിലും നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണ്ണാടകം മുതലായ സംസ്ഥാനങ്ങളിൽ പോർട്ടബിൾ ജനറേറ്റർ ഉപയോഗിച്ച് കറൻറ് എടുക്കുന്നതിന് ലൈസൻസോ നിബന്ധനകളോ ഇല്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ നമ്മുടെ സംസ്ഥാനത്തും മേൽപ്രകാരം കറൻറ് എടുക്കുന്നതിന് അനുവാദം നൽകുവാൻ നടപടി സ്വീകരിക്കാമോ ?

വിദ്യുച്ഛക്തിവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്. ഇൻഡ്യൻ ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ട് 1948 സെക്ഷൻ 44 അനുസരിച്ച് പോർട്ടബിൾ ജനറേറ്റർ ഉപയോഗിക്കുവാൻ മറ്റ് ജനറേറ്ററുകളെപ്പോലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടേയും കെ. എസ്. ഇ. ബോർഡിന്റെയും അനുവാദം ആവശ്യമാണ്.

(ബി) ഇല്ല. ഇൻഡ്യൻ ഇലക്ട്രിസിറ്റി നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly